## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 681

29.06.2011-ൽ
മറുപടിയ്ക്കു

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം
ശ്രീ.ജെയിംസ് മാത്യു

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും, ദേവസ്വവും
വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണ് നിലനിൽക്കുന്നത്; | (എ) | ശബരിമല മാസ്റ്റർ പ്ലാൻ 50 വർഷകാലയളവു കൊണ്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു ബൃഹത് പദ്ധതിയാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ പണം സംഭാവനകളിലൂടെയും സ്പോൺസർഷിപ്പു മുഖേനയും സ്വരൂപിക്കുവാൻ ഒരു ഇൻഫ്രാസ്ട്രക്ച്ചർ ട്രസ്റ്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പണത്തിന്റെ ലഭ്യത പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. ശബരിമലയിൽ വലിയ ജോലികൾ ഏറ്റെടുത്തു നടത്തുന്നതിന് ഏതാനും മാസങ്ങളേ ലഭ്യമാകൂ എന്നതും ഒരു ബുദ്ധിമുട്ടാണ്. |
| (ബി) | മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. ഒരു ഹൈപവർ കമ്മിറ്റി ഇപ്പോൾ മാസ്റ്റർ പ്ലാൻ നടപ്പിലാക്കാനായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ